(സി) മുഴുവൻ തൊഴിലാളികൾക്കും ഇ. എസ്. ഐ. ആനുകൂല്യം ലഭിക്കുന്നുണ്ട്.

ഹോം നേഴ്സിംഗ്, സെക്യൂരിറ്റി തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

54 [2925] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോം നഴ്സിംഗ്, സെക്യൂരിറ്റി തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലകളിൽ ജോലിയെടുക്കുന്നവരുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ഹോം നഴ്സിംഗ്, സെക്യൂരിറ്റി സർവ്വീസുകൾ നടത്തുന്ന ഏജൻസികൾക്ക് അംഗീകാരവും രജിസ്ട്രേഷനും നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) സെക്യൂരിറ്റി, ഹോം നേഴ്സിംഗ് രംഗങ്ങളിൽ ജോലിയെടുക്കുന്നവർക്ക് ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുവാനും സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹോം നഴ്സിംഗ് തൊഴിലാളികളെ സംബന്ധിച്ചുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ചില സെക്യൂരിറ്റി ഏജൻസികളിലെ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങളും, അവധിയും ലഭിക്കുന്നില്ല എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃത്യമായ കണക്ക് ശേഖരിച്ചിട്ടില്ല.

(സി) ഹോം നഴ്സിംഗ്, സെക്യൂരിറ്റി സർവ്വീസുകൾ നടത്തുന്ന ഏജൻസികൾക്ക് കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമം, കോൺട്രാക്ട് ലേബർ നിയമം എന്നിവ ബാധകമാണ്. ഈ നിയമങ്ങൾ അനുസരിച്ച് ബന്ധപ്പെട്ട അസിസ്റ്റൻറ് ലേബർ/ജില്ലാ ലേബർ ഓഫീസർ മുഖേന തൊഴിലുടമയോ, കോൺട്രാക്ടറോ രജിസ്ട്രേഷൻ/ലൈസൻസ് എടുക്കേണ്ടതാണ്.

(ഡി) സെക്യൂരിറ്റി, ഹോം നേഴ്സിംഗ് രംഗങ്ങളിൽ ജോലിയെടുക്കുന്നവർക്ക് ശാസ്ത്രീയമായ പരിശീലനം ലഭ്യമാക്കുന്നതിന് തൊഴിൽ വകുപ്പിൽ നിലവിൽ സംവിധാനം ഇല്ല.

കടകളിലേയും വാണിജ്യ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതന ഉത്തരവു പ്രകാരം നിലവിൽ സെക്യൂരിറ്റി ജീവനക്കാർക്കും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. സെക്യൂരിറ്റി ജീവനക്കാർക്കു മാത്രമായി മിനിമം വേതനം നിശ്ചയിക്കുന്നതിനു മുന്നോടിയായി ഈ വിഭാഗത്തെ മിനിമം വേതന നിയമത്തിൻെറ പട്ടികയിൽ ഉൾപെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഹോം നഴ്സിംഗ് വിഭാഗം തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly